"ഭരണഭാഷ-മാതൃഭാഷ"

**No.DWCD/5443/2022-E9** വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,

പൂജപ്പുര,തിരുവനന്തപുരം

തീയതി : **29-07-2024**

## വിജ്ഞാപനം

വിഷയം: വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ നിയമനം - അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്

സൂചന: **1)** സാമൂഹ്യ നീതി സെക്രട്ടറിയുടെ **14/03/2019** ലെ എ**1/21/2019**/സാ.നീ.വ നം. കത്ത്.

**2) 22.06.2024** ലെ ഇതേ നം വിജ്ഞാപനം

വനിതാ ശിശു വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിൽ തൃശ്ശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഒഴിവ് നിലവിലുണ്ട്. തൃശ്ശൂർ ജില്ലയിൽ ഉണ്ടായ ഒരു ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ച്കൊണ്ട് സൂചന (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചരുന്നെങ്കിലും ഒരു അപേക്ഷ മാത്രമാണ് ലഭിച്ചത്. പ്രസ്തുത സാഹചര്യത്തിൽ തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിലെ ഒഴിവുകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താത്പര്യമുള്ള വനിതാ ശിശുവികസന വകുപ്പിലെ പ്രോഗ്രാം ഓഫീസർ/ ശിശുവികസന പദ്ധതി ഓഫീസർമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

തൃശ്ശൂർ, തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താത്പര്യമുള്ള മേൽ പറഞ്ഞ തസ്തികയിലുള്ള ജീവനക്കാർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ (നിയമനം നേടാൻ ആഗ്രഹിക്കുന്ന ജില്ല അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം) കൺട്രോളിംഗ് ഓഫീസർ മുഖാന്തിരം ഈ വിജ്ഞാപന തീയതി മുതൽ ഏഴ് പ്രവർത്തി ദിവസത്തിനകം (ഇ മെയിൽ - **wcdestablishment2017@gmail.com**) വനിതാ ശിശുവികസന ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത മാതൃകയിൽ അല്ലാത്തതും സമയ പരിധി കഴിഞ്ഞ് ലഭിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

Signed by
Haritha V Kumar
Date: 30-07-2024 15:07:31

**HARITHA V KUMAR,IAS**
വനിത ശിശു വികസന ഡയറക്ടർ

എല്ലാ കാര്യാലയമേധാവികൾക്കും

പകർപ്പ് : **1)** ഐ റ്റി സൂപ്രണ്ട് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

**2)** ഫയൽ/ സ്റ്റോക്ക് ഫയൽ